വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഉണ്ട്.

(ബി) ഗ്രാന്റുവേറാ അദ്ധ്യാപകന്മാരെ പതിവുപോലെ സ്ക്രീനുചെയ്യുന്ന അവസരത്തിൽ പിരിച്ചുവിട്ടതാണ്. എത്ര പേരെ പിരിച്ചുവിട്ടു എന്നുള്ളതിന്റെ കൃത്യമായ കണക്ക കിട്ടിയിട്ടില്ല.

(സി) ഇല്ല.

SHORT NOTICE QUESTION AND ANSWER

Watch of movements of M.L.A.'s by Police.

* 1567. (A) (11) **Shri M. Narayana Kurup** : Will the Minister for Finance be pleased to state:

(a) whether it is a fact that the movements and activities of any of the members of this Assembly are being watched and followed by the Police;

(b) if so, who are they and what are the reasons?

Minister for Finance (**Shri C. Achutha Menon**).

(a) No.

(b) Does not arise.

ORAL ANSWERS

മലബാർ ഭാഗത്തെ റോഡു് ഇൻസ്പെക്ടറന്മാർ.

* 1568. [31] ശ്രീ. കെ. അവുക്കാദർ കുട്ടി നഹ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 55 വയസ്സു പൂർത്തിയായതിനാൽ മലബാർഭാഗത്തു നിന്നു എത്ര റോഡു് ഇൻസ്പെക്ടർ (പി. ഡബ്ലി യു. ഡി.) മാരെ ഉദ്യോഗത്തിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ടു് ;

(ബി) ഇവരെ എത്രകാലമായി പിരിച്ചുവിട്ടിട്ടു് ;

(സി) ഇവരുടെ ശമ്പളബാക്കിയും ഗ്രാറ്റുവിറ്റിയും ഇനിയും കൊടുത്തു തീർന്നിട്ടില്ലെന്നുള്ളതു് ശരിയാണോ;

(ഡി) പിരിച്ചുവിടുന്നതിനുമുമ്പു സർവ്വീസിൽ സ്ഥിരപ്പെടുത്തിയവരുടെ ശമ്പളം ഇനിയും റീഫിക്സു് ചെയ്തിട്ടില്ലെന്നുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദു്) :

(എ) 1-11-1956 -നു ശേഷം 12 പേർ ഉദ്യോഗത്തിൽനിന്നും പിരിഞ്ഞിട്ടുണ്ടു്.

(ബി) ഇവരെയെല്ലാം 1957-ലാണു പിരിച്ചയച്ചതു്.

(സി) 6 പേർക്ക അതെല്ലാം കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. ബാക്കി 6 പേരുടെ കാര്യം പരിശോധനയിലിരിക്കുകയാണു്.

(ഡി) മദ്രാസു് ഗവണ്മെന്റു അവരുടെ ശമ്പളം റീഫിക്സു് ചെയ്യുന്നതിനുമുമ്പാണു് അവരെ പിരിച്ചുവിട്ടതു്. അതുസംബന്ധിച്ചുള്ള കടലാസ്സുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

---

* As the member was absent this question was put by Shri P. Ramunni Kurup with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly